സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

DESPATCHED 28/4/21

20/4/21

ഹർജി നമ്പർ **AP 374(1)/2020/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.2927/SIC-Gen2/2020**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി. ഷീജ എച്ച്.,
ചരിവുകാലായിൽ പൊട്ടങ്കൽ,
മന്ദിരം പി.ഒ., റാന്നി,
പത്തനംതിട്ട - 689 672.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ നാലാം നില, പത്തനംതിട്ട -689 645..
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജനറൽ ആശുപത്രി, പത്തനംതിട്ട,
   പത്തനംതിട്ട പി.ഒ., പത്തനംതിട്ട ജില്ല.
3. അപ്പീൽ അധികാരി,
   ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ നാലാം നില, പത്തനംതിട്ട -689 645.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷൻ പുറപ്പെടുവിച്ച 22/5/2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി സമർപ്പിച്ച വിശദീകരണവും രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരിക്ക് ആവശ്യമായ വിവരം പത്തനംതിട്ട ജനറൽ ആശുപത്രിയിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ലഭ്യമാക്കും എന്നതിനാലാണ് ടിയാരിയുടെ അപേക്ഷ 5 ദിവസത്തിനകം രണ്ടാം എതിർകക്ഷിയ്ക്ക് കൈമാറിയതെന്ന ഒന്നാം എതിർകക്ഷിയുടെ വിശദീകരണവും, കമ്മീഷൻ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം 2 രൂപ മണിയോഡർ ആയി അപ്പീൽ ഹർജിക്കാരിയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടും പരിഗണിച്ച് ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം

ചെയ്യേണ്ടതാണെന്ന നിർദ്ദേശം 1-ഉം 2-ഉം എതിർകക്ഷികൾക്ക് നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2021 ഏപ്രിൽ മാസം 20-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk

bnk/